# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

## 2012 ജൂലൈ 16, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

**76 (*691) റവന്യൂ വകുപ്പിന്റെ സുതാര്യത**

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) നൽകിയ മറുപടിയിൽ, റവന്യൂ വകുപ്പിൽ ഐ.റ്റി. മിഷന്റെ സഹായത്തോടെ കണ്ണൂർ, പാലക്കാട് ജില്ലകളിൽ ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം സർട്ടിഫിക്കറ്റ് വിതരണം കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടെന്നും ഇത് മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണെന്നും സഭയെ അറിയിച്ചു. പ്രസ്തുത പദ്ധതി പ്രകാരം അക്ഷയ കേന്ദ്രങ്ങളിൽ നിന്നും ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റ് ലഭിക്കുന്നതോടൊപ്പം അപേക്ഷിച്ച വ്യക്തിയുടെ വിവരങ്ങൾ ഇ-ഡിസ്ട്രിക്ട് ഡാറ്റാ ബേസിൽ ശേഖരിക്കപ്പെടുകയും പിന്നീടുള്ള ആവശ്യങ്ങൾക്ക് വില്ലേജാഫീസ് സന്ദർശിക്കാതെ സർട്ടിഫിക്കറ്റ് നൽകുന്നതിന് സഹായകമാകുന്നതുമാണ്. പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന Unique Thandaper Number Card പദ്ധതി വഴി റവന്യൂ കാർഡ് ആക്ടിൽ ഭേദഗതി വരുത്തി

കാലാന്തരത്തിൽ സർട്ടിഫിക്കറ്റുകളുടെ വിതരണം കുറയ്ക്കാൻ കഴിയുമെന്നും ഈ പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്രഗവൺമെന്റിൽ 19 കോടി രൂപയുടെ പ്രോജക്ട് സമർപ്പിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പൊതുജനങ്ങളിൽ നിന്നും സ്വീകരിക്കുന്ന തുകകൾ സർക്കാർ ഖജനാവി ലേയ്ക്ക് മുതൽക്കൂട്ടുന്നതിനും അടിസ്ഥാന ഭൂനികുതി, ബിൽഡിംഗ്/പ്ലാന്റേഷൻ ടാക്സ്, റവന്യൂ റിക്കവറി മുതലായ ഇനങ്ങളിൽ വരുന്ന തുക സർക്കാരിലേയ്ക്ക് ഒടുക്കുന്നതിന് 'ഓൺലൈൻ പേമെന്റ് ഗേറ്റ്വേ' സംവിധാനം നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. 2000-ത്തിലെ കേന്ദ്ര സാങ്കേതികവിദ്യ ആക്ടിലെ 90(6), 90(6)(എ) എന്നീ വകുപ്പുകൾ പ്രകാരം ഇലക്ട്രോണിക് ഫോറം നിർണ്ണയിക്കാൻ സംസ്ഥാന സർക്കാരിനെ അധികാരപ്പെടുത്തിയതനുസരിച്ച് റവന്യൂവകുപ്പിൽ നിന്നും ലഭ്യമാകുന്ന 23 ഇ-സേവനങ്ങൾ നിശ്ചയിച്ച് 04/08/2010-ലെ ഉത്തരവ് പ്രകാരം ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. സർട്ടിഫിക്കറ്റ് വിതരണവുമായി ബന്ധപ്പെട്ട് നിയമഭേദഗതികൾ നിലവിൽ വരികയും സാമ്പത്തിക സേവനങ്ങ ളുമായി ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ നടന്നുവരികയുമാണ്. എല്ലാ ജില്ലകളിലും മോഡൽ വില്ലേജ് ഓഫീസുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിച്ചുവരികയാണെന്നും സർട്ടിഫിക്ക റ്റുകൾ യഥാസമയം നൽകുന്നതിൽ വീഴ്ചവരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതു സംബന്ധിച്ച് പരിശോധിക്കാവുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**77 (*692) <u>റോഡുകളുടെ സുരക്ഷാ ഓഡിറ്റ്</u>**

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) നൽകിയ മറുപടിയിൽ, പുതിയ റോഡ് നയത്തിന്റെ ഭാഗമായി റോഡുകളുടെ ആസൂത്രണ ഘട്ടത്തിൽത്തന്നെ സുരക്ഷാ ഓഡിറ്റ് നടത്തുന്നതിന് ഉദ്ദേശിക്കു ന്നുണ്ടെന്നും ഡിസൈൻ റോഡ് സേഫ്റ്റി ഓഡിറ്റ് നടത്തുക, ഓഡിറ്റിന്റെ നിഗമനങ്ങൾ കണക്കിലെടുത്ത് റോഡ് നിർമ്മാണം നടത്തുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുക, നിർമ്മാണം കഴിഞ്ഞ റോഡുകളിൽ രാത്രിയും പകലും സേഫ്റ്റി ഓഡിറ്റ് നടത്തുക എന്നിവയാണ് ഇതിന്റെ ലക്ഷ്യമെന്നും പൊതുമ രാമത്ത് വകുപ്പിന്റെ പുതുക്കിയ മാന്യുവലിൽ ഇത് ഉൾപ്പെടുത്തിയി ട്ടുണ്ടെന്നും സഭയെ അറിയിച്ചു. റോഡിന്റെ അലൈൻമെന്റ്, വാഹന/ജനസാന്ദ്രത, ജംഗ്ഷനുകളുടെ അവസ്ഥ, അനുവദിക്കാവുന്ന വേഗത, അപകടങ്ങളുടെ വിവരം എന്നിവ പരിഗണിച്ചാണ് സുരക്ഷാ ക്രമീകര ണങ്ങൾ സജ്ജമാക്കാൻ ഉദ്ദേശിക്കുന്നത്. ക്രാഷ് ബാരിയർ സ്ഥാപിക്കുക, തെന്നാത്ത ഉപരിതലം നിർമ്മിക്കുക മുതലായവയിലൂടെ അപകടങ്ങളുടെ ആഘാതം കുറയ്ക്കുക, അപകടരഹിത റോഡ് നിർമ്മാണം ഉറപ്പുവരുത്തുക, നിർമ്മാണാനന്തരം അവലോകനങ്ങൾ നടത്തി വീഴ്ചകൾ പരിഹരിക്കുക എന്നിവയും സേഫ്റ്റി ഓഡിറ്റിംഗിന്റെ ഭാഗമായി നടത്തുന്നതാണ്. അപകട സാദ്ധ്യത കൂടുതലുള്ള ഇരുചക്രവാഹനക്കാരുടെയും സൈക്കിൾ യാത്രക്കാ രുടെയും കാൽനടക്കാരുടെയും സുരക്ഷയ്ക്കായി നിരത്തുകളിൽ ശാസ്ത്രീ യാടിസ്ഥാനത്തിൽ അടയാളങ്ങൾ സ്ഥാപിക്കുന്നതാണ്. റെഗുലേറ്ററി ആന്റ് വാണിംഗ് സൈൻസ്, മാർക്കിംഗ്സ്, ജംഗ്ഷൻ ഡെലിനേഷൻ ആന്റ് ട്രാഫിക് കാമിംഗ് മുതലായവ റോഡ് നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ

മേഖലയിലെ റോഡുകളിൽ സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിന് നടപടിയെടുക്കുന്നതാണ്. ജില്ലാതല റോഡ് സുരക്ഷാ കൗൺസിലുകൾ രൂപീകരിക്കുന്നതു സംബന്ധിച്ച് വിദഗ്ദ്ധരുമായി ആലോചിക്കുന്നതാണെന്നും സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഡി.പി.ആർ.-ൽ യൂട്ടിലിറ്റി ഷിഫ്റ്റ് ചെയ്യുന്നതിന് തുക അനുവദിച്ചിട്ടുണ്ടെന്നും കെ.എസ്.ടി.പി. റോഡുകളിലെ അപകടങ്ങൾ ഒഴിവാക്കുന്നതിനായി സ്പീഡ് ബ്രേക്ക് ബാരിയർ സ്ഥാപിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**78 (*693)** **<u>റേഷൻ കടകളുടെ നവീകരണം</u>**

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ പൊതുവിതരണരംഗം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന്റെ ഭാഗമായി 870 റേഷൻ കടകൾ നവീകരിച്ചിട്ടുണ്ടെന്നും റേഷൻ കടകൾ അറ്റകുറ്റപ്പണികൾ നടത്തി ഇളംമഞ്ഞ നിറത്തിലുള്ള ഇനാമൽ പെയിന്റടിക്കുക, ട്യൂബ് ലൈറ്റ്/സി.എഫ്.എൽ. ലാമ്പുകൾ സ്ഥാപിക്കുക, അഞ്ച് വർഷത്തിലധികം പഴക്കമുള്ള റെക്കോർഡുകൾ മാറ്റി ശേഷിക്കുന്നവ ഷെൽഫിൽ വൃത്തിയായി സൂക്ഷിക്കുക തുടങ്ങി ഉപഭോക്താക്കളെ ആകർഷിക്കാവുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. റേഷൻ സാധനങ്ങൾ കൃത്യമായ അളവിൽ ലഭ്യമാക്കുന്നതിന് ഇലക്ട്രോണിക് ത്രാസ് സ്ഥാപിക്കുക, സാമ്പിളുകൾ പ്രദർശിപ്പിക്കുക, സ്റ്റോക്ക്/വില/കാർഡുടമകളുടെ വിഹിതം എന്നിവ സൂചിപ്പിക്കുന്ന ബോർഡ് സ്ഥാപിക്കുക തുടങ്ങിയ

പ്രവൃത്തികളും നടത്തിവരുന്നുണ്ട്. ഓരോ വിഭാഗം കാർഡുടമകൾക്കും ലഭ്യ മാകുന്ന റേഷൻ സാധനങ്ങളുടെ വിഹിതം സംബന്ധിച്ച് പത്രമാദ്ധ്യമങ്ങ ളിൽക്കൂടിയും അറിയിക്കുന്നുണ്ട്. എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നും വിതരണത്തിനായി കൊണ്ടുപോകുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ടെന്നും കൊച്ചി, കോഴിക്കോട് മേഖലകളിലായി 25000 ടൺ സംഭരണശേഷിയുള്ള ആധുനിക സംവിധാനത്തോടുകൂടിയ രണ്ട് സൈലോസുകൾ ആരംഭിക്കുന്നതിന് കേന്ദ്രസർക്കാർ അനുവാദം നൽകിയിട്ടു ണ്ടെന്നും മന്ത്രി അറിയിച്ചു. റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധനവും പൊതുവിതരണ രംഗത്തെ കമ്പ്യൂട്ടർവത്ക്കരണവും പരിഗണന യിലാണ്. ഉപഭോക്താക്കൾക്ക് ഹെൽപ്പ് ലൈൻ മുഖേന പരാതിപ്പെടുന്നതിനു ള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും റേഷൻ കാർഡ് ഉടമകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവിനനുസരിച്ച് റേഷൻ വിഹിതത്തിൽ വർദ്ധനവ് വരുത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**79 (*694) <u>എഞ്ചിനീയറിംഗ് കോളേജുകളുടെ അക്കാദമിക് നിലവാരം</u>**

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) നൽകിയ മറുപ ടിയിൽ, സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജു കളിൽ മെച്ചപ്പെട്ട അക്കാദമിക് നിലവാരമാണുള്ളതെന്ന് സഭയെ അറിയിച്ചു. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ചിലതിന്റെ അക്കാദമിക് നിലവാരം മോശമാണെന്ന പരാതിയുടെ വെളിച്ചത്തിൽ ഇതുസംബന്ധിച്ച് പഠനം നടത്തുന്നതിന് 22-09-11-ലെ ഹൈക്കോടതി വിധിപ്രകാരം നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ന്യൂനതകൾ കണ്ടെത്തിയ

സ്ഥാപനങ്ങളുടെ മേധാവികളുമായി ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി ചർച്ച നടത്തുകയും നിലവാരം മെച്ചപ്പെടുത്തുന്നതിന് ഒരു വർഷത്തെ സാവകാശം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും നിയന്ത്രണ സംവിധാനം ഏർപ്പെടുത്തുന്നതിനുമായി ഒരു സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. പ്രായോഗിക തലത്തിൽ പരിജ്ഞാനം നൽകുന്നതിനായി എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്റർ ആക്ഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. കോളേജുകളിൽ ടെക്നോളജി ബിസിനസ്സ് ഇൻക്യുബേറ്റർ (റ്റി.ബി.ഐ.) സ്ഥാപിക്കുന്നതിന് എം.എച്ച്.ആർ.ഡി.-യുടെ ധനസഹായം ലഭിച്ചതുവഴി കുട്ടികൾക്ക് എന്റർപ്രണേഴ്സ് ആകാനുള്ള സാദ്ധ്യത തെളിഞ്ഞുകിട്ടും. പുതിയ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളും കോഴ്സുകളും ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനായി ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കോളേജുകളിൽ ഫിനിഷിംഗ് സ്കൂളും 'ടെക്യൂപ്പ്' എന്ന വേൾഡ് ബാങ്ക് പ്രോജക്ടിന്റെ സഹായത്തോടെ സ്പെഷ്യൽ ട്രെയിനിംഗ് നൽകാനുള്ള സംവിധാനവും നിലവിലുണ്ടെന്നും അദ്ധ്യാപകരുടെ ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**80 (*695) <u>ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറികൾ</u>**

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കേരളത്തിൽ ഉല്പാദിപ്പിക്കുന്നതും കമ്പോളങ്ങളിൽ നിലവിലുള്ളതുമായ ഭക്ഷ്യവസ്തുക്കളുടെ

ഗുണനിലവാരം ഫുഡ് സേഫ്റ്റി ആക്ട് പ്രകാരം പരിശോധിക്കുന്നതിനും ഗവേഷണങ്ങൾ നടത്തുന്നതിനുമായി ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ആഭ്യന്തര വിപണിയിൽ വിൽക്കുന്ന ഭക്ഷ്യവസ്തുക്കൾ കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന കോന്നിയിലെ ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറിയിൽ പരിശോധിച്ച് പോരായ്മകളുണ്ടെങ്കിൽ ഭക്ഷ്യസംസ്ക്കരണ-വിപണന ശൃംഖലയിൽ മാറ്റങ്ങൾ വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്; ഇതിനായി 25.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സി.എഫ്. ആർ.ഡി.-യുടെ കീഴിൽ കോന്നിയിൽ ഒരു കെമിക്കൽ ലാബ് ഈ വർഷം പ്രവർത്തനം ആരംഭിക്കുന്നതാണ്. അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**81 (*696) ഹയർ സെക്കണ്ടറി പാഠ്യപദ്ധതി**

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഹയർ സെക്കണ്ടറി പാഠ്യപദ്ധതിയുടെ കരട് രൂപം തയ്യാറായിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക, പ്രവർത്തനാധിഷ്ഠിത പഠനത്തിന് യോജിച്ച പശ്ചാത്തല സൗകര്യങ്ങൾ ഉറപ്പാക്കുക, ഉന്നത വിദ്യാഭ്യാസ മേഖലയിലേയ്ക്ക് കുട്ടികളെ സജ്ജരാക്കുക, അഭിരുചിക്കനുസരിച്ച് വൈവിദ്ധ്യമാർന്ന കോമ്പിനേഷനുകൾ തെരഞ്ഞെടുക്കാൻ അവസരമുണ്ടാക്കുക, വ്യത്യസ്ത സാമൂഹിക-സാമ്പത്തിക പശ്ചാത്തലത്തിൽപ്പെട്ട വിദ്യാർത്ഥികളെ ഉൾക്കൊള്ളാൻ പര്യാപ്തമാകുക, ഉന്നതമൂല്യങ്ങൾ

വളർത്തിയെടുക്കുക, ഐ.സി.റ്റി. സാദ്ധ്യതകൾ പഠനത്തിന് പ്രയോജനപ്പെടുത്തുക, വൈജ്ഞാനിക രംഗത്തെ സമകാലിക വികാസങ്ങൾ ഉൾക്കൊള്ളാൻ പ്രാപ്തരാക്കുക, നിരന്തരവും സമഗ്രവുമായ മൂല്യനിർണ്ണയം പഠനത്തിന്റെ ഭാഗമാക്കുക, സമൂഹ വ്യാപന പ്രവർത്തനങ്ങൾക്ക് വഴിയൊരുക്കുക തുടങ്ങിയ നിർദ്ദേശങ്ങളാണ് കരട് രേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കായിക വിദ്യാഭ്യാസത്തിന് നൽകേണ്ട പരിഗണന സംബന്ധിച്ച് രേഖയിൽ പരാമർശിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി മേഖലയിൽ 20 ശതമാനം സീറ്റ് വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും അതിനെതിരെ പ്രവർത്തിക്കുന്ന മാനേജുമെന്റുകൾക്കെതിരെ നടപടിയെടുക്കുന്നതാണെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി 697 മുതൽ 720 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 7058 മുതൽ 7337 വരെയുള്ള ചോദ്യങ്ങളിൽ 72 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)